**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4437** **19-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 അധ്യയന വർഷത്തെ പ്രവേശന റാങ്ക് ലിസ്റ്റ് പ്രകാരം 3 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇവർ മറ്റ് എം.ആർ.എസ്സുകളിൽ പ്രവേശനം നേടിയതായി അറിയിച്ചിട്ടുണ്ട്. പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പ്രമുഖ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയും പട്ടികജാതി വികസന ഓഫീസർമാർ, എസ്.സി പ്രൊമോട്ടർമാർ എന്നിവർ മുഖേനയും വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. എന്നാൽ കുട്ടികളെ പ്രവേശനത്തിനായി ലഭിച്ചില്ല.<br><br>പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിന്ന് 10 കിലോമീറ്റർ അകലെയല്ലാതെ കാസർഗോഡ് ജില്ലയിലെ വെള്ളച്ചാലിലും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്തും, ആൺകുട്ടികൾക്കായുള്ള 2 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥിതിചെയ്യുന്നുണ്ട്. ഇക്കാരണത്താൽ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് കുട്ടികളെ ലഭിക്കുന്നതിന് പ്രയാസമുണ്ടാകുന്ന സാഹചര്യമാണുള്ളത്. മതിയായ കുട്ടികളെ ലഭിക്കാത്തതുകൊണ്ട് പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ക്ലാസ്സുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ആവശ്യമായ കെട്ടിട സൗകര്യവും തസ്തികയും സൃഷ്ടിച്ചിട്ടും ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ബി) | പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 അധ്യയന വർഷത്തെ പ്രവേശന റാങ്ക് ലിസ്റ്റ് പ്രകാരം 3 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇവർ മറ്റ് എം.ആർ.എസ്സുകളിൽ പ്രവേശനം നേടിയതായി |

| | | | |
|---|---|---|---|
| | | | അറിയിച്ചിട്ടുണ്ട്. പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പ്രമുഖ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയും പട്ടികജാതി വികസന ഓഫീസർമാർ, എസ്.സി പ്രൊമോട്ടർമാർ എന്നിവർ മുഖേനയും വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. എന്നാൽ കുട്ടികളെ പ്രവേശനത്തിനായി ലഭിച്ചില്ല.<br><br>പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിന്ന് 10 കിലോമീറ്റർ അകലെയല്ലാതെ കാസർഗോഡ് ജില്ലയിലെ വെള്ളച്ചാലിലും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്തും, ആൺകുട്ടികൾക്കായുള്ള 2 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥിതിചെയ്യുന്നുണ്ട്. ഇക്കാരണത്താൽ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് കുട്ടികളെ ലഭിക്കുന്നതിന് പ്രയാസമുണ്ടാകുന്ന സാഹചര്യമാണുള്ളത്. മതിയായ കുട്ടികളെ ലഭിക്കാത്തതുകൊണ്ട് പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ക്ലാസ്സുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ